# സമുന്നതി

## കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

L 2, കുലീന, TC 9/476, ജവഹർനഗർ, കവടിയാർ പി.ഒ, തിരുവനന്തപുരം-695003
Ph.No: 0471-2311215 Email: kswcfc@gmail.com Website: www.kswcfc.org

**2016-17** സാമ്പത്തിക വർഷത്തേയ്ക്ക് കേരള സംസ്ഥാനത്തിലെ സംവരണേതര സമുദായംഗങ്ങൾ ഉൾപ്പെട്ട സ്വയം സഹായ സംഘം/കൂട്ടുത്തരവാദിത്വ സംരംഭകത്വ ഗ്രൂപ്പ് (Self Help Group/Joint Liability Group) എന്നിവയ്ക്കുള്ള **"സംരംഭ സമുന്നതി"**- സ്വയം തൊഴിൽ വായ്പ - പലിശ സഹായ പദ്ധതിയിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

**അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2016 ജൂലൈ 31**

**പൊതു നിബന്ധനകൾ:**

- സംഘം (SHG/JLG) ആണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- അപേക്ഷയിൽ പറഞ്ഞിരിക്കുന്ന എല്ലാവരും കേരള സംസ്ഥാനത്തിലെ സംവരണേതര സമുദായ വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം.
- അപേക്ഷയിൽ പറഞ്ഞിരിക്കുന്ന എല്ലാവരും **www.kswcfc.org** എന്ന വെബ്സൈറ്റിൽ **Data Bank Registration** എന്ന ലിങ്കിൽ രജിസ്ട്രേഷൻ നടത്തേണ്ടതും ലഭിക്കുന്ന **മെമ്പർഷിപ്പ് നമ്പർ** അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതുമാണ്.
- അപേക്ഷയിൽ പറഞ്ഞിരിക്കുന്ന ആർക്കും സർക്കാർ, സർക്കാർ ഇതര ഏജൻസികൾ, ബാങ്കുകൾ മുതലായവയിൽ നിന്നും ഈ വായ്പയ്ക്ക് മറ്റ് യാതൊരു ആനുകൂല്യങ്ങളും ലഭിച്ചവർ ആയിരിക്കരുത്.
- അപേക്ഷയിൽ പറഞ്ഞിരിക്കുന്ന സംഘാംഗങ്ങളുടെ കുടുംബവാർഷിക വരുമാനം **രണ്ടര ലക്ഷം** രൂപ യിൽ അധികമാകാൻ പാടില്ല.
- **2015-16** സാമ്പത്തിക വർഷം വായ്പ എടുത്ത സംഘത്തിലെ അംഗങ്ങൾക് മാത്രമേ പലിശ സഹാ യത്തിന് അർഹതയുള്ളൂ.
- ഒരു സംഘത്തിലെ അംഗങ്ങൾക്ക് **6 ലക്ഷം** രൂപാ വരെയുള്ള വായ്പയ്ക്കുള്ള പലിശ സഹായം മാത്രമേ ലഭിക്കുകയുള്ളൂ. വായ്പാ തുകയുടെ **3%** ആയിരിക്കും പലിശ സഹായമായി ലഭിക്കുക. (പരമാവധി **18,000/-** രൂപ)
- പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷ വ്യക്തമായ ശുപാർശകൾ സഹിതം സന്നദ്ധ സംഘടനകളിൽ നിന്നും കിട്ടുന്ന മുറയ്ക്ക് പലിശ സഹായം അനുവദിച്ചു നൽകും.
- അനുബന്ധ രേഖകൾ ആതാതു സന്നദ്ധ സംഘടനകൾ സൂക്ഷിക്കേണ്ടതും കോർപ്പറേഷനിൽ നിന്നും ആവശ്യപ്പെടുന്ന പക്ഷം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.
- ഒരു സംഘത്തിലെ എല്ലാ അംഗങ്ങൾക്കും ആനുകൂല്യം ലഭിക്കുന്നുവെങ്കിൽ സംഘത്തിന്റെ എസ്.ബി അക്കൗണ്ടിലേയ്ക്ക് പലിശ സഹായം ഡയറക്ട് ബനിഫിറ്റ് ട്രാൻസ്ഫർ (DBT) സംവിധാനം മുഖേന കോർപ്പറേഷൻ നേരിട്ട് നൽകുന്നതായിരിക്കും.
- സംഘത്തിലെ മുഴുവൻ അംഗങ്ങൾക്കും ആനുകൂല്യത്തിന് അർഹതയില്ലായെങ്കിൽ അർഹതയുള്ള വർക്ക് അനുവദിച്ച തുക, സംഘത്തിന്റ എസ്.ബി.അക്കൗണ്ടിലേയ്ക്ക് ഡയറക്ട് ബനിഫിറ്റ് ട്രാൻസ്ഫർ (DBT) സംവിധാനം മുഖേന കോർപ്പറേഷൻ നേരിട്ട് നൽകുന്നതായിരിക്കും.
  എസ്.ബി.അക്കൗണ്ടിൽ ലഭിക്കുന്ന തുക ഓരോ അംഗത്തിനും അവരുടെ വായ്പയുടെ തോത് അനുസരിച്ച് സംഘം ചെക്ക് മുഖേന വീതിച്ചു നൽകേണ്ടതാണ്.
- ലിങ്കേജ് വായ്പയ്ക്കുള്ള ക്രഡിറ്റ് പ്ലാൻ അനുസരിച്ചുള്ള തുക അംഗങ്ങൾ യഥാർത്ഥത്തിൽ എടുത്തത് അനുസരിച്ചു വേണം അപേക്ഷയിൽ വായ്പ തുക കാണിക്കാൻ. ഇത് സന്നദ്ധ സംഘടന ബോധ്യപ്പെട്ടിരിക്കണം.
- ഗ്രൂപ്പ് വായ്പ എടുക്കുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പിലെ എല്ലാ അംഗങ്ങൾക്കും പലിശ സബ്സിഡി അർഹതയില്ലാതിരുന്നാൽ മൊത്തം വായ്പയിൽ ഓരോരുത്തർക്കുമുള്ള വായ്പ തുക എത്രയെന്ന് അപേക്ഷയിൽ കാണിക്കണം. ഇത് സന്നദ്ധസംഘടന ബോധ്യപ്പെട്ടിരിക്കണം.

പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷ, നിശ്ചിത മാതൃകയിലുള്ള സംഘം സർട്ടിഫിക്കറ്റ്, സന്നദ്ധ സംഘടന സർട്ടിഫിക്കറ്റ്, ബാങ്ക് സർട്ടിഫിക്കറ്റ് എന്നിവയോടൊപ്പം പാസ്ബുക്കിന്റെ ഒന്നാം പുറ ത്തിന്റെ വ്യക്തമായ പകർപ്പ് മാത്രം ഉൾപ്പെടുത്തി ബന്ധപ്പെട്ട സന്നദ്ധസംഘടനകൾ വഴി (NGO) **2016 ജൂലൈ 31** ന് മുമ്പ് താഴെ പറയുന്ന വിലാസത്തിൽ ലഭ്യമാക്കണം.

**മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ,**

**L 2. കുലീന. TC 9/476. ജവഹർനഗർ. കവടിയാർ പി.ഒ. തിരുവനന്തപുരം-695003.**